# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ-2025-26



## എളയാവൂർ യു പി സ്കൂൾ

# എളയാവൂർ യു.പി. സ്കൂൾ

കണ്ണൂർ-മട്ടന്നൂർ റൂട്ടിൽ കണ്ണൂരിൽ നിന്നും ഏകദേശം ആറ് കിലോമീറ്റർ അകലെയായി മുണ്ടയാട് പ്രാദേശിക കോഴിവളർത്തു കേന്ദ്രത്തിന് തൊട്ട് പി നിലായി എളയാവൂർ യു.പി സ്കൂൾ - പഴമക്കാരു ടെ (മാവുപ്പാടി യു.പി സ്കൂൾ) 1892 ൽ സ്ഥാപിതമായി. ഈ വിദ്യാലയം എളയാവൂർ പ്രദേശത്തെ ഏറ്റവും പ ഴക്കമുള്ളതും പാരമ്പര്യമുള്ളതുമായ സരസ്വതി ക്ഷേ ത്രമാണ്.

ഔപചാരിക വിദ്യാലയത്തിന്റെ ചരിത്രം തുട ങ്ങുന്നത് 1892 ൽ ആണെങ്കിലും അതിനുമെത്രയോ മു ൻപ് തന്നെ ഇവിടെ കുടി പള്ളിക്കൂടം കെട്ടി വിദ്യാഭ്യാ സം നടത്തിയിരുന്നു. നിസ്വാർത്ഥമായ ആ അക്ഷരോ പാസന നിർവ്വഹിച്ചു പോന്ന മഹാത്മാവായിരുന്നു വാരം സ്വദേശിയായ പണ്ഡിതനായ ഗോവിന്ദനെഴു ത്തച്ഛൻ. അദ്ദേഹത്തിന്റെ ശിഷ്യനായ കണിയാങ്കണ്ടി ചന്തു മാസ്റ്ററാണ് തന്റെ ഗുരുവിന്റെ ഹിതമറിഞ്ഞ് വി ദ്യാലയ പ്രവർത്തനം തുടർന്നതും അതിനെ കൈപിടി ച്ചുയർത്തിയതും.

ശ്രീ ടി. എൻ കുഞ്ഞിക്കണ്ണൻ വിദ്യാലയ പ്രവർ ത്തനങ്ങൾ ഏറ്റെടുത്തപ്പോഴാണ് ആധുനിക വിദ്യാല യത്തിന്റെ രൂപഭാവങ്ങൾ ഈ സ്ഥാപനത്തിന് കൈവ ന്നത്. പിന്നീട് ശ്രീ. ടി. എൻ. ലക്ഷ്മണൻ മാനേജ രായി സേവനമനുഷ്ഠിക്കുന്ന കാലത്താണ് ഈ സ്കൂ ളിന് പുതിയ കെട്ടിടങ്ങൾ പണികഴിപ്പിച്ചത്. അദ്ദേഹ ത്തിന്റെ കാലശേഷം വികസന പ്രവർത്തനങ്ങൾ

അനുജൻ ശ്രീ ടി.എൻ വിശാലാക്ഷൻ ഏറ്റെടുത്ത് വളരെ  മികച്ച രീതിയിൽ നടത്തി വന്നു. ഇരുനൂറിലധികം വിദ്യാർത്ഥികളും പതിനാല് അധ്യാപകരും ഒരു അന ധ്യാപകനുമടങ്ങുന്ന ഈ സരസ്വതിനിലയം കണ്ണൂർ നോർ ത്ത് ഉപജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായി ഇപ്പോഴും നിലകൊള്ളുന്നു. പാഠ്യ പാഠ്യേതര പ്രവർ ത്തനങ്ങളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി ഈ വി ദ്യാലയത്തിനുള്ള നേട്ടങ്ങൾ അതിന് അടിവരയിടുന്നു.

1976 ൽ സ്വതന്ത്രമായി സംഘടിപ്പിച്ച 4 ദിവസം നീണ്ടു നിന്ന വിദ്യാഭ്യാസ പ്രദർശനം, തുടർന്നുള്ള വർ ഷങ്ങളിലെ കലാകായിക മത്സരങ്ങളിലെ സ്ഥാന നേട്ട ങ്ങൾ എന്നിവ ഇപ്പോഴും ആവർത്തിച്ചു കൊണ്ടേയിരി ക്കുന്നു. ഓരോ വർഷങ്ങളിലെയും LSS, USS വിജ യങ്ങളും മറ്റ് അക്കാദമിക നേട്ടങ്ങളും ഇതിന്റെ തുടർ ച്ച തന്നെയാണ്.

2017 ൽ ഈ സ്കൂളിന്റെ ശതോത്തര രജതജൂബിലി ആഘോഷം ജനവരി മുതൽ മെയ് വരെ നീണ്ട പ്രവർ ത്തനങ്ങളുമായി കൊണ്ടാടി. കുഞ്ഞു മനസ്സുകളിലെ സർഗ്ഗവാസനകളെ കണ്ടെത്താനായി എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട ക്ലബ് പ്രവർത്തനങ്ങളും ഇവിടെ സജീവമാണ്. ദേശീയ പ്രാധാന്യമുള്ള എല്ലാ ദിനങ്ങളും കുട്ടികളുമായി ചേർന്ന് ഇവിടെ ആഘോഷി ക്കാറുണ്ട്. വിജ്ഞാനപ്രദമായ പുസ്തകങ്ങളടങ്ങിയ ഗ്ര ന്ഥ ശേഖരം, ലഘു പരീക്ഷണശാല എന്നിവ യെല്ലാം വിദ്യാലയ പ്രവർത്തനങ്ങൾക്ക മാറ്റുകൂട്ടുന്നു.

വിദ്യാലയത്തിലെ മിടുക്കരായ വിദ്യാർത്ഥികൾ ക്ക് എല്ലാ വർഷവും ധാരാളം എൻഡോവ്മെന്റുകൾ നൽകി വരുന്നുണ്ട്. വിദ്യാലയത്തിന്റെ ഉന്നതിയിലും വിദ്യാർത്ഥികളുടെ ക്ഷേമവും വച്ചുകൊണ്ട് ഒറ്റ മനസ്സോ ടെ പ്രവർത്തിക്കുന്ന മാനേജ്മെന്റ്, അധ്യാപകർ, പി.ടി.എ ഇവയെല്ലാം വിദ്യാലയ പ്രവർത്തനങ്ങൾക്ക് മികവ് വർ ധിപ്പിക്കുന്നു.

# Academic- Master- Plan

Ist STD 2025-2026

# മലയാളം

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് :- 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | 1, ഭാഷ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കൂടി കൂട്ടങ്ങൾ സംഘടി-പ്പിക്കൽ. | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി. |
| | 2, അക്ഷരം പറയട്ടെ. അക്ഷരം കുട്ടികൾ അവതരിപ്പിക്കുന്നു. | ജൂലൈ, ഡിസംബർ ജനുവരി മാസത്തി-ലൊരിക്കൽ. | ക്ലാസ് ടീച്ചർ SRG മദർ പി. ടി. എ. |

# ഇംഗ്ലീഷ്

മേഖല – അക്കാദമികം

ഉപമേഖല – ഇംഗ്ലീഷ്

ക്ലാസ് – 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| *ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ. | *കാർട്ടൂൺ പ്രദർശനം<br>*സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് | SRG<br>class Teacher | SSA |
| *ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരമൊരുക്കൽ. | English ബാലസഭ | മാസത്തിൽ ഒന്ന് | class Teacher | |
| | ഇംഗ്ലീഷ് അസംബ്ലി<br>one day English. | ആഴ്ചയിൽ ഒന്ന്. | | |

# ഗണിതം

മേഖല: അക്കാദമികം.

ഉപമേഖല: ഗണിതം

ക്ലാസ്: 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുന്ന ഗണിത ഉപകരണങ്ങൾ. | 1. ഗണിത ലാബിന് | ജൂൺ - മാർച്ച് | Class Teacher | |
| | 2. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്. | സെപ്റ്റംബർ | Class Teacher | SSA |
| | 3. ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ. | മാസത്തിൽ 1 വീതം | SRG<br>Class Teacher. | |

# പരിസര പഠനം

മേഖല : അക്കാദമികം
ഉപമേഖല: പരിസരപഠനം
ക്ലാസ്: 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല / | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും ഭക്ഷ്യ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പരമ്പരാഗത നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചിയറിവും | ജൂൺ ജൂലൈ ആഗസ്റ്റ് | Class Teacher SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം പൂന്തോട്ടങ്ങൾ | ഡിസംബർ ജനുവരി | SRG SMC | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം.

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിതപസിലുകളും പരിശോധനപ്പടങ്ങ) | ആഴ്ചയിൽ ഒന്ന് വീതം. | SRG ക്ലാസ് ടീച്ചർ | SSA. |
| ഗണിത ചിന്താ ശേഷി വളർത്തൽ | ഗണിത ക്ലബ്ബ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം. | | |

മേഖല - അക്കാദമികം.

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ. | Let's talk... പ്രതിഭാധനരുമായി സംവദിക്കൽ. | മൂന്ന് മാസത്തിൽ ഒന്ന്. | SRG. | |
| | English ബാലസഭ. | മാസത്തിൽ ഒന്ന്. | Class Teacher. | SSA. |
| | ഇംഗ്ലീഷ് അസംബ്ലി. | ആഴ്ചയിൽ ഒന്ന്. | SMC | |
| | one day English | | | |

മേഖല - അക്കാദമികം.

ഉപമേഖല - ഭാഷ.

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഉചിതമായ വ്യവഹാരരൂപങ്ങളിലുള്ള രചനാമികവ്. | 1) എഴുത്തും കുത്തും ചാലു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ. | ഒക്ടോബർ | SRG, SMC, ക്ലബ്ബുകൾ | |
| | 2) ലഘുപതിപ്പുകൾ തയ്യാറാക്കൽ. | നവംബർ. | മദർ പി.ടി.എ സ്റ്റാഫ്. | മദർ പി.ടി.എ. |
| സർഗാത്മകതയെ തൊട്ടുണർത്താം. | 1) രചനാശില്പശാല കഥ, കവിത, രചനകൾ - ക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി. | SMC, അദ്ധ്യാപകർ ക്ലബ്ബുകൾ പ്രമുഖ വ്യക്തികൾ. | SRG, SMC. |

മേഖല - അക്കാദമികം.

ഉപമേഖല - പരിസരപഠനം.

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാമത്സരം അവതരണങ്ങൾ. | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ. SRG SMC. | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക്. കാണാക്കാഴ്ചകൾ | സപ്തംബർ ഡിസംബർ. | ടീച്ചേഴ്സ് SRG SMC. | SMC. |
| നാടറിയാൻ - നാട്ടറിവുകൾ. | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്. നമുക്കും കർഷകരാകാം. | ജനുവരി | SRG SMC നാട്ടുകാർ. | |

III - ഖണ്ഡം

ഉപന്യാസ ഗ്രന്ഥ വിശകലനം

ഭാഷ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം. | * കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം. | ജൂൺ | അധ്യാപകർ. |
| | * പുസ്തക ശേഖരണവും പ്രദർശനവും. | ജൂൺ - ഡിസംബർ | അധ്യാപകർ. |
| | * ചിത്ര ഗാലറി | ജനുവരി | മദർ പി.ടി.എ, ക്ലബ്ബുകൾ. |
| വായനാ പരിപോഷണം. | * പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം. | നവംബർ | വായനശാല SRG |
| | * വായനക്കുറി | ആഴ്ചയിൽ ഒന്ന് | |
| | * നാട്ടു വായന - പ്രാദേശിക എഴുത്തുകാരുമായി സംവാദം. | ആഗസ്റ്റ് | ക്ലബ്ബുകൾ |

English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| വായന - ആശയമറിഞ്ഞും ഒഴുക്കോടെയും ഉള്ള വായന. | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ-മാർച്ച് | അധ്യാപകർ, രക്ഷിതാക്കൾ. |
| | വാർത്താ വായന മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന്. | അധ്യാപിക. |
| | വായനാ ക്യാമ്പുകൾ | മൂന്ന് മാസത്തിൽ ഒന്ന്. | അധ്യാപകർ, രക്ഷിതാക്കൾ. |
| | ബാല പ്രസിദ്ധീകരണങ്ങളിലൂടെ വായന. | ജൂൺ-മാർച്ച്. | അധ്യാപിക. |

പരിസര പഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക. | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ, ജൂലൈ ആഗസ്റ്റ്. | അധ്യാപകർ |
| പ്രകൃതി വിഭവ സംരക്ഷണം. | ജൈവ വൈവിധ്യ പാർക്ക്, തടയണ, മഴക്കുഴി നിർമ്മാണം, ജല സ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം. | ജൂലൈ - ഡിസംബർ | രക്ഷിതാക്കൾ അധ്യാപകർ SRG |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ശാസ്ത്രപതിപ്പുകൾ അടുത്തറിയാം; പരീക്ഷണം വീടിനകത്തും, ശാസ്ത്ര മാസിക തയ്യാറാക്കൽ | ജൂൺ - മാർച്ച്. | രക്ഷിതാക്കൾ അധ്യാപകർ |

ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനം നിർമ്മാണ പ്രവർത്തനവും ഞങ്ങളുടെ അനുഭവങ്ങളും ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ. | ഒക്ടോബർ | SRG PTA |
| ഗണിതം ലളിതമാക്കാം - കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം. | ജനുവരി | SRG ക്ലാസ് അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് - IV

# അക്കാദമിക മാസ്റ്റർ പ്ലാൻ

## നാലാം ക്ലാസ്

**ലക്ഷ്യം:** നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസരപഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടേയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

→ കളികളിലൂടെയുള്ള പഠനം, പ്രവർത്തനങ്ങൾ.

→ സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.

→ സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.

→ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.

→ കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

# മലയാളം

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളും പാഠപുസ്തകത്തിലെ കവിതകളുടെ ഈണത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ഭാവാത്മകമായി അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു. | → സവിശേഷതകൾ ഉൾക്കൊണ്ട് കവിത ചൊല്ലി ആസ്വദിക്കുന്നു.<br>→ ആശയം, പുതിയപദങ്ങൾ, കവിതകൾ, പാട്ടുകൾ, വായ്ത്താരികൾ എന്നിവ കണ്ടെത്തി ഈണം നൽകി അവതരിപ്പിക്കുന്നു.<br>→ താളം തിരിച്ചറിഞ്ഞ് പുതിയ വരികൾ കൂട്ടിച്ചേർത്ത് കവിതകൾ വിപുലപ്പെടുത്തുന്നതിനും കഴിവ് നേടുന്നു.<br>→ വായ്ത്താരി ശേഖരണം സമാന കവിത ശേഖരണം ഈണത്തിലും താളത്തിലും ചൊല്ലൽ. | ജൂൺ 15ന് ആരംഭിക്കുന്നു<br>വർഷം മുഴുവൻ. | ക്ലാസ് ടീച്ചർ | PTA |
| 2 | ദൃശ്യാവിഷ്കാരം.<br>കവിതകൾ പാട്ടുകൾ എന്നിവ ആശയം തിരിച്ചറിഞ്ഞ് അവയെ വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിന് പ്രാപ്തി നേടൽ. | → ആശയ ചിത്രീകരണം, അഭിനയം, വ്യത്യസ്ത രീതികളിൽ അവതരണം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | P.T.A |

| | | | | | |
|---|---|---|---|---|---|
| 3. | പരിചയപ്പെട്ട ഈണവും താളവും പാലിച്ചുകൊണ്ട് വാക്കുകളും വരികളും കൂട്ടിച്ചേർത്ത് എഴുതി തയ്യാറാക്കുകയും പൊതുവേദികളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു | → കുട്ടികളുടെ അവതരണം. | മൂന്ന് മാസം കൂടുമ്പോൾ | HM<br>ക്ലാസ് ടീച്ചർ<br>SRG<br>PTA | PTA |

# ENGLISH

Aim: To speak, read, and write English without any mistakes.

| SL. NO | OBJECTIVES | ACTIVITIES | SUPPORT | DURATION |
|---|---|---|---|---|
| 1. | Listening skills. | Games, Action song, Picture reading<br>Self. introduction. | Teacher | June, July. |
| 2. | Reading skills. | Library books<br>Reading book review<br>Find words, Rhyming words.<br>Describing words. | Teacher. | July- February |
| 3. | Writing skills. | Diary.<br>wordweb.<br>Picture discription.<br>word chain<br>Make riddles.<br>conversation.<br>Add more lines. | Teacher | July- February. |
| 4. | To improve Presentation power. | Speech, Quiz.<br>Riddles, school radio.<br>Make Magazines.<br>Skit. Classroom post office.<br>Exhibition.<br>Announcement. | Teacher. | December- March |

# ഗണിതം

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1. | ഗണിത പഠനം രസകരമാക്കൽ | → വിവിധ തരം കളികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ. | വർഷം മുഴുവൻ | SRG. ക്ലാസ് ടീച്ചർ | PTA |
| 2. | ഗണിത പഠനം സുതാര്യമാക്കൽ | → ഗണിത ലാബ് ഉപയോഗപ്പെടുത്തൽ<br>→ ഗണിത ലാബ് സജ്ജീകരണം. | ജൂലൈ - മാർച്ച് | ടീച്ചർ | PTA |
| 3. | ഗണിത ശേഷിപ്പുകളുടെ പ്രകടനം | → ഗണിത മേള . | വർഷത്തിന്റെ അവസാനം. | SRG. ക്ലാസ് ടീച്ചർ. | PTA |
| 4. | കലണ്ടർ കണക്കുകൾ. അനായാസം ചെയ്യുന്നു. | → കലണ്ടർ നിർമ്മാണം.<br>→ പാറ്റേൺ ക്രിയകൾ . | ഓഗസ്റ്റ് ഡിസംബർ | ടീച്ചർ | PTA |
| 5. | യുക്തി ചിന്ത വളർത്തൽ. | → ഗണിത പസിലുകൾ<br>→ കുസൃതി കണക്ക്<br>→ പാറ്റേൺ പ്രശ്നനിർധാരണം. | ഓഗസ്റ്റ് ജനുവരി. | ടീച്ചർ | PTA |
| 6. | ക്രിയകളിൽ വേഗതയും കൃത്യതയും | → മന: കണക്ക്<br>→ ഗണിത കേളികൾ | ഡിസംബർ - മാർച്ച് | ടീച്ചർ | PTA |
| 7. | ചുറ്റുപാടുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം. ചെയ്യൽ. | → പ്രായോഗിക പ്രശ്നം നിർധാരണം ചെയ്യുന്നു. | ഒക്ടോബർ | ടീച്ചർ | PTA |

# പരിസരപഠനം.

| SL NO. | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | വിഭവം |
|---|---|---|---|---|---|
| 1. | പ്രകൃതി നടത്തം : നിരീക്ഷണം, അറിവ് നിർമ്മാണം | → പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | HM<br>CPTA<br>PTA | ആവശ്യാനുസരണം. | PTA |
| 2. | ശാസ്ത്ര മൂല : ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | → ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | ടീച്ചർ | വർഷം മുഴുവനും | PTA<br>SRG |
| 3. | ശാസ്ത്ര യാത്ര: ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ | → വന നിരീക്ഷണ കേന്ദ്രം<br>→ സയൻസ് പാർക്ക് എന്നിവ സന്ദർശിക്കൽ. | ടീച്ചർ<br>HM<br>SRG | ആവശ്യാനുസരണം. | PTA |
| 4. | ഭൂപടമൊരുക്കൽ ! കേരളം, ഇന്ത്യ. | → ഭൂപടം വായന.<br>→ ഭൂപട രചന<br>→ സൂചിക നിർമ്മാണം. | ടീച്ചർ<br>SRG | ആവശ്യാനുസരണം. | PTA |
| 5. | ശാസ്ത്രോത്സവം : ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | → പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം എന്നിവയുടെ പ്രദർശനം. | HM<br>SRG.<br>ക്ലാസ്-ടീച്ചർ | വർഷത്തിൽ ഒരിക്കൽ. | PTA |

# ഗണിതം

STD 4

## കളിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പിലാക്കൽ - മൂല്യനിർണയം. (ഏണിയും പാമ്പും, ഡയസ് കളി) സങ്കലനം, വ്യവകലനം (ക്യൂവടകളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |

## ഒറിഗാമിയിലൂടെ പഠിക്കാം...

| | | | | |
|---|---|---|---|---|
| ഗണിതശാസ്ത്രപഠനം രസകരമാക്കൽ - കരചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമാണം, പ്രദർശനം | വർഷത്തിലുടനീളം (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |

## ഗണിത ലാബ്

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |

## ഗണിത ചുമർ

| | | | | |
|---|---|---|---|---|
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ - ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |

# ഗണിത പഠനോപകരണ ശില്പശാല

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം-പ്രദർശനം | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള, ഗണിത അസംബ്ലി | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠനോൽപ്പന്നങ്ങളുടെ പ്രദർശനം | ഗണിതമേള വർഷത്തിൽ ഒന്ന് ഗണിത അസംബ്ലി മാസത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ ഗണിതക്ലബ് | PTA |

II ENGLISH ACADEMIC MASTER PLAN 2025-26

| AIM | ACTIVITIES | MONTH | DUTY |
|---|---|---|---|
| To develop the skills of English language and enable them to appreciate the beauty of English | (1) To check the vocabulary and writing skills of students, conduct Pretest, analyse the result and find out the limits, and limitations and excellence<br>(2) Simple activities are given for rectifying the limitations. | June | English teacher |
| (a) Listening and reading skills | · Games, actionsongs, read and colour<br>· Make sentences from the given pictures and words<br>· Identify the naming words and action words. | June to september | English teacher |
| (b) Reading and Writing skills | · Word web, picture reading, simple descriptions<br>· Riddles, Rhyming words<br>· Self introduction, TB activities<br>· Assembly | | |

| AIM | ACTIVITIES | MONTH | DUTY |
|---|---|---|---|
| To express thoughts, feelings etc | • Description<br>• Thoughts<br>• Diary<br>• Notice preperation<br>• Skils<br>• Text book activities | August to November | English teacher |
| (d) Develop the creative speaking writing to express thoughts feelings etc | • News report writing<br>• Announcement<br>• Letter reading and writing<br>• Making magazines<br>• Text book activities | September to February | English teacher |
| (e) To improve the presentation power | • Speech<br>• Presentation of diary<br>• Assembly | February and March | English teacher |

# അക്കാദമിക് പ്ലാൻ- അറബിക്

## ELAYAVOOR UP SCHOOL

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | **അറബിക് മധുരം:**<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ്സ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | സമാഹരണം:<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | ആസ്വാദന ലോകം | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:** നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രൊജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം:** ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4 | **അനുഭവ ലോകം**<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്, അതിനാൽ അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രൊജക്റ്ററിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5 | **പദപരിചയം**<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയപ്പെടൽ:**<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്തികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |

# മലയാളം - UP

ലക്ഷ്യം .

- ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക.
- അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുക. സാഹിത്യ കൃതികൾ ആസ്വദിക്കുക. ഭാഷയോട് വൈകാരികമായ അടുപ്പം സൃഷ്ടിക്കുക.
- ഉചിതമായ ഈണം, താളം എന്നിവ കണ്ടെത്തി കവിത ആലപിക്കുക. ചൊൽക്കാഴ്ചയിൽ അവതരിപ്പിക്കുക.
- പഴഞ്ചൊല്ലുകൾ ശേഖരിച്ച് ആശയതലം മനസിലാക്കുക. പഴഞ്ചൊൽ [illegible], പതിപ്പ് എന്നിവ തയ്യാറാക്കുക.
- സ്വന്തം രചനകളിൽ ഏർപ്പെടുക. പതിപ്പ് തയ്യാറാക്കുക.

| | പ്രവർത്തനങ്ങൾ | | ചുമതല | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | അക്ഷരം, ചിഹ്നം ഉറപ്പിക്കൽ<br>വാക്കുകൾ - വാക്യങ്ങൾ നിർമ്മിക്കൽ<br>കഥ - സാക്ഷി പറയൽ - എഴുതൽ<br>ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | ജൂൺ മുതൽ | അധ്യാപിക | SRG<br>PTA |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ലൈബ്രറി പുസ്തക വിതരണം<br>വായനാക്കുറിപ്പ് തയ്യാറാക്കുക.<br>പത്രവായന - മാസിക, പത്രങ്ങൾ നൽകുന്നു.<br>കവിതാലാപനം.<br>പത്രവാർത്താ ക്വിസ്. | | | ലൈബ്രറികൾ |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | എന്റെ അവധിക്കാലം - അവധിക്കാല അനുഭവ കഥ, കവിത, കഥ സ്വരൂപം...<br>വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു.<br>വായനാക്കുറിപ്പുകൾ, ആസ്വാദനക്കുറിപ്പുകൾ - തയ്യാറാക്കുന്നു | " | | |

| | | | | |
|---|---|---|---|---|
| പഴഞ്ചൊൽക്വിസ് | പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നു. അർത്ഥങ്ങൾ കണ്ടെത്തുന്നു. പതിപ്പ് തയ്യാറാക്കുന്നു. പഴഞ്ചൊൽ ക്വിസ് സംഘടിപ്പിക്കുന്നു. | ആഗസ്റ്റ്-സെപ്റ്റംബർ | അധ്യാപിക | PTA<br>SRG |
| കാവ്യലോകം | കവിതകൾ ശേഖരിക്കുന്നു. ശബ്ദസൗകുമാര്യത്തോടെ കവിതാലാപനം. സന്ദർഭത്തെ കവിതകൾ ചൊൽക്കാഴ്ചകളിൽ അവതരിപ്പിക്കുന്നു. | | | |
| സ്കൂൾ മാഗസിൻ | കുട്ടികൾ തയ്യാറാക്കുന്ന കഥ, കവിത... സാഹിത്യ സൃഷ്ടികൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. | ജൂൺ മുതൽ | | |

# സംസ്കൃതം അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 5, 6, 7 ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും, പദങ്ങളും ഉറപ്പിക്കൽ | ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമ്മിക്കൽ<br>• പാട്ടുകളും, കഥകളും കേൾപ്പിക്കുക.<br>2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്രകഥകൾ<br>• ലഘു സംഭാഷണങ്ങൾ നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതം പദങ്ങൾ. | ജൂൺ, ജൂലൈ ആഗസ്റ്റ് | അക്ഷരചാർട്ട് പാഠപുസ്തകം ICT കഥാപുസ്തകങ്ങൾ റീഡിങ് കാർഡ് | പി.ടി.എ അധ്യാപിക |

| | | | | |
|---|---|---|---|---|
| ആസ്വാദനലോകം.<br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനുംവേണ്ടി | • കുട്ടികൾക്ക് പുസ്തകവായനയ്ക്കുള്ള അവസരം<br>• കലാരൂപങ്ങൾ വീഡിയോ കാണിക്കുന്നു.<br>• അസംബ്ലികളിലും, മറ്റു സഭകളിലും പറയാനുള്ള അവസരങ്ങൾ.<br>• ആസ്വാദനശേഷി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനം. | 5 മാസം | സംസ്കൃതം അധ്യാപികയും ക്ലാസ്സും. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

## 2025- 2026.

മേഖല : ഭാഷാപഠനം.

ലക്ഷ്യങ്ങൾ :
- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടം എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

# പ്രവർത്തന പദ്ധതി.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | പ്രതീക്ഷിക്കുന്ന നേട്ടം. |
|---|---|---|---|---|
| ഹിന്ദി തിരിച്ചറിയൽ കാർഡ് | അഞ്ചാം ക്ലാസ് കുട്ടികൾക്കും പേര്, സ്കൂൾ, ക്ലാസ് വിലാസം ഉൾപ്പെടുത്തി കാർഡ് (ഹിന്ദി വർഷത്തിന്) | ജൂൺ ആദ്യ | ഹിന്ദി അധ്യാപിക | अपने बारे में लिखना, प्रोफाइल तैयार करना, नाम पहचानना, दोस्तों के नाम पहचानना |
| ആഴ്ചയിലെ വാർത്ത | ഓരോ ആഴ്ചയും ഓരോ പുതിയ വാർത്ത പരിചയ ചെയ്യുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക/ ഹിന്ദി ക്ലബ്ബ്. | शब्द भण्डार का विकास। नये शब्दों को जानना। |
| ഹിന്ദി ക്ലാസ് ലൈബ്രറി | ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി നിർമ്മാണം. ഓരോ ക്ലാസിന്റെയും നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കാം വായന ഉറപ്പാക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക/ ഹിന്ദി ക്ലബ്ബ് | हिंदी पढ़ने में रुचि बढ़ती है। नयी जानकारी मिलती है। |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | പ്രതീക്ഷിക്കുന്ന ഫലം. |
|---|---|---|---|---|
| ഹിന്ദി ക്ലബ്ബ് പ്രവർത്തനം കാര്യക്ഷമമാക്കൽ. | ക്ലബ്ബ് രൂപീകരിച്ച് പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക/ ക്ലബ്ബ്. | हिंदी पढ़ने में रुचि बढ़ती है। स्कूल में अनुशासन बढ़ता है। |
| പാഠഭാഗങ്ങളിൽ ICT സാധ്യതകൾ ഉപയോഗിക്കൽ | പാഠഭാഗങ്ങൾ ICT സഹായത്തോടെ ലഭിക്കുന്നു- | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | आसानी से पाठ्भाग का आशय समझ लेता है। |
| ഹിന്ദി പ്രദർശന ബോർഡ് | ഹിന്ദി പ്രദർശന ബോർഡ് തയ്യാറാക്കി വയ്ക്കുന്നു- | ജൂൺ മുതൽ | ഹിന്ദി അധ്യാപിക/ ഹിന്ദി ക്ലബ്ബ്. | विविध समाचारों की जानकारी हिंदी पढ़ने में रुचि बढ़ती है। बच्चों की उपज का प्रदर्शन। |
| ദിനാചരണങ്ങൾ. | ദിനാചരണങ്ങൾ ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ്സ് പ്രവർത്തനങ്ങളോടെ ബന്ധിപ്പിച്ച് നടത്തുന്നു- | ജൂൺ മുതൽ | ഹിന്ദി അധ്യാപിക/ ഹിന്ദി ക്ലബ്ബ്. | दिनों की जानकारी पोस्टर तैयार करना संदेश वाक्य लिखना भाषण, समाचार तैयार करना। |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | പ്രതീക്ഷിക്കുന്ന ഫലം. |
| --- | --- | --- | --- | --- |
| ഹിന്ദി നോട്ട് ബുക്കും ലേഖനം ശേഖരിക്കൽ പുസ്തകം. | ഓരോ കുട്ടിയും ഹിന്ദി നോട്ട്ബുക്ക് ലേഖനം തയ്യാറാക്കുന്നു. അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ സ്വയം അറിയിക്കുകയും ചെയ്യുന്നു | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപിക. | हिंदी पढ़ने में रुचि बढ़ती है। हिंदी लिखने में रुचि बढ़ती है। समग्र मूल्यांकन में सहायक सामग्री। |
| ഹിന്ദി ലൈബ്രറി കോർണർ ക്ലാസ്മുറിയിൽ | പാഠങ്ങൾ വിവിധതരം പുസ്തകങ്ങളിൽ ലഭ്യമാക്കുന്നു. എല്ലാ കുട്ടികളും ആഴ്ച പത്രത്തിൽ നിന്നും ശേഖരിക്കുന്നു | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപിക/ ഹിന്ദി ക്ലബ്ബ് | हिंदी पढ़ने में रुचि बढ़ती है। बोलने की क्षमता बढ़ता है। |
| ഹിന്ദി കൈയെഴുത്ത് മാസിക | ജൂൺ മാസം മുതൽ കുട്ടികളുടെ ഉള്ളിൽ നിന്ന് രചനകൾ ശേഖരിച്ച് ഒരു മികച്ച കൈയെഴുത്ത് മാസികയായി പ്രസിദ്ധീകരിച്ച് പ്രകാശനം ചെയ്യുന്നു. | ഒക്ടോബർ മുതൽ ജനുവരി വരെ | ഹിന്ദി അദ്ധ്യാപിക/ ഹിന്ദി ക്ലബ്ബ് | हिंदी पढ़ने में रुचि बढ़ती है। लेखन क्षमता का विकास। |

# ഗണിതം

എൽ. പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | **ഗണിത ശില്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. [നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്.. ഉപയോഗിക്കുന്നു] | ജൂൺ മാസം | ക്ലാസ് ടീച്ചർ | PTA |
| 2) രസകരമായ ഗണിതപഠനവും കരചലനശേഷികളുടെ വികാസവും | **ഒറിഗാമി ശില്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു, അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| 3) ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ | **ഗണിതലാബ്**<br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ക്ലാസ് നടത്തൽ | അദ്ധ്യയനാരംഭം | ക്ലാസ് ടീച്ചർ<br>ഗണിത ക്ലബ് | PTA |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | വർഷത്തിൽ ഒരിക്കൽ | ഗണിത ക്ലബ് | PTA |

| | | | | |
|---|---|---|---|---|
| 5) ഗണിതമേഖലയിൽ കുട്ടികളുടെ താത്പര്യം വർധിപ്പിക്കൽ | ഗണിതഗ്രാമം<br>ഗണിതമേഖലയിൽ പ്രാവിണ്യമുള്ള അധ്യാപകരെ (മറ്റ് സ്കൂളുകൾ / മേഖലകൾ) പിന്നോക്കം നിൽക്കുന്നവർക്ക് താത്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ ക്ലബ്ബ് മെമ്പർമാർ | PTA |
| 6) ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐ.ടി സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇവ കുട്ടികളിലെത്തിക്കാൻ ഐടിസാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | മാസത്തിൽ ഒരു തവണ | ഗണിത അധ്യാപകർ | PTA |
| 7) ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു, പോരായ്മകൾ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | PTA |
| 8) വിവിധ ശേഷികളുടെ വികാസം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആവശ്യാനുസരണം | SRG | PTA |

അക്കാദമിക

മാസ്റ്റർ പ്ലാൻ

U.P. Social Science

സാമൂഹ്യശാസ്ത്രം ക്ല.പി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ എന്നിവ പരിചയപ്പെടൽ നേടിയെടുക്കൽ | അക്ഷരമുറ്റം - ക്വിസിൽ നിന്ന് കാര്യങ്ങൾ ശേഖരിച്ച് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠനത്തിന്റെ അടിസ്ഥാനതല അറിവ് പരിശീലിക്കുന്നതിന് പ്രശ്നോത്തരികൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | ഓർമ്മടെസ്റ്റ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി സ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അറിവുകൾ ഇവയെല്ലാം ആസ്പദമാക്കി ICT സഹായത്തോടെ memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | virtual field trip<br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3) ജനാധിപത്യവ്യവസ്ഥയിലെ സമിതികളെ പരിചയപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് കുട്ടികളെ ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതികളുടെ അടിസ്ഥാന തലം മനസിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ സജ്ജരാക്കുന്നു | പ്രകൃതിദുരന്തം: നേർക്കാഴ്ച<br>സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ രീതികളും ദൃശ്യങ്ങൾ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിച്ചും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ സജ്ജരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5 സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നന്മയുടെ നിറക്കൂട്ടുകൾ<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, രോഗികളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു | അക്കാദമിക മധ്യകാലം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| 6) വിവരവിനിമയ സങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും വിദ്യാർത്ഥികളെ ബോധവന്മാരാക്കുന്നു | ചിലന്തിവലയിൽ നിന്ന് രക്ഷപ്പെടുക<br>സാമൂഹ്യ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7 സമ്പത്തിന്റെ വിതരണ കാഴ്ചപ്പാടോട് കൂടിയ [illegible] | കാരുണ്യത്തിന്റെ കൈത്താങ്ങ് ([illegible])<br>പരിസരത്ത് പാർക്കുന്ന കഷ്ടതയനുഭവിക്കുന്ന മനുഷ്യരുടെ ഇടപെടലുകൾക്ക് വിധേയമായ കാര്യങ്ങൾ തിരഞ്ഞെടുത്ത് [illegible] [illegible] കുട്ടികൾ [illegible] [illegible] [illegible] നടത്തൽ | അക്കാദമികവർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ക്ലബ് |

അക്കാദമിക

മാസ്റ്റർ പ്ലാൻ.

U.P. SCIENCE.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ജൈവവൈവിധ്യ പാർക്ക്: പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് നിർമാണം. | ഒരു വർഷം. | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്. | പി.ടി.എ. |
| | കണ്ടറിയാനൊരു യാത്ര: ജൈവവൈവിധ്യ രജിസ്റ്റർ നിർമാണം, കാവുകൾ സന്ദർശനം, പുഴകളെയും, കാടുകളെയും, ജീവികളെയും, പ്രകൃതിയെയും അറിയൽ. | ജൂലൈ | ശാസ്ത്രാധ്യാപകർ, സയൻസ്, ഹെൽത്ത് ഊർജ്ജ ക്ലബുകൾ. | രക്ഷിതാക്കൾ. |
| | പരീക്ഷണക്കളരി: പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ അവതരിപ്പിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു. അതിലൂടെ പരീക്ഷണങ്ങളുടെ ഒരു ശേഖരം ഉണ്ടാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജ, ശാസ്ത്ര, ഹെൽത്ത് ക്ലബുകൾ. | |

| | | | | |
|---|---|---|---|---|
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ഊർജ്ജ, സയൻസ്, ഹെൽത്ത് ക്ലബ്. | |
| | ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. | സയൻസ് ക്ലബ്. |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുവർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ |
| | → ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്. | സയൻസ് ക്ലബ്. |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | → അഭിമുഖം നടത്തി ലഭിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ. | സയൻസ് ക്ലബ്. |
| | → ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | ശാസ്ത്ര ക്ലബ് |
| | → I.C.T. സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിൽ എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം. | ശാസ്ത്ര അധ്യാപകർ. | ശാസ്ത്ര, ഹെൽത്ത്, ഊർജ്ജ ക്ലബുകൾ. |

# ഉർദു അക്കാദമിക്ക് മാസ്റ്റർ പ്ലാൻ-2025-26

## യുപി. തലം



School: ELAYAVOOR U P SCHOOL

Name of the Urdu Teacher: THAJUDDEEN V C

## ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

........................................................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസരഹിതവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **പഠനം ആഘോഷം**<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | പി ടി എ സബ്ജക്ട് കൗൺസിൽ |
| 2 | **മേരെ അൽഫാസ്**<br>ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം | | | | |
| 3 | **ഉ-ദുനിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | **ഖസാന-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | മുശാഇറ | ഉർദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

| | | | | | | |
|---|---|---|---|---|---|---|
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| 12 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **ഉർദു കൈ രേഖകൾ** ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |